(സി) നേരത്തെയുണ്ടായിരുന്ന ഗ്രാൻറ് തുക 45 രൂപയിൽനിന്ന് 60 രൂപയായി വർദ്ധിപ്പിച്ചത് 1984 ജൂണിലാണ്. അധികമായി വരുന്ന സാമ്പത്തിക ബാദ്ധ്യത കണക്കിലെടുക്കുമ്പോൾ ഗ്രാൻറ് വീണ്ടും വർദ്ധിപ്പിക്കുവാൻ . ബുദ്ധിമുട്ടുണ്ട്.

പുതുതായി വേണ്ടി വരുന്ന അംഗന വാടികൾ

* 153 [156] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യയിൽ ആയിരത്തിനൊന്ന് എന്ന കണക്കിൽ നടപ്പിൽ വരുത്താൻ എത്ര അംഗൻ വാടികൾ വേണ്ടിവരും;

(ബി) ഒരു ഗിരിജൻ ക്ലസ്റ്ററിൽ ഒന്ന് എന്ന കണക്കിൽ അംഗന വാടികൾ അനുവദിക്കാൻ നടപടി കൈക്കൊള്ളുമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) സംസ്ഥാനത്ത് ഇപ്പോൾ 8082 അംഗനവാടികൾ അനുവദിച്ചിട്ടുണ്ട്. 1981-ലെ സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ 67 ഐ. സി. ഡി. എസ്. പ്രോജക്ടുകളിലായി 1000 ജനസംഖ്യയ്ക്ക് ഒരംഗന വാടി എന്ന കണക്കനുസരിച്ച് അംഗനവാടികൾ ആരംഭിക്കുകയാണെങ്കിൽ 1991 അംഗന വാടികൾ കൂടുതലായി വേണ്ടി വരും.

(ബി) ഇക്കാര്യം പരിഗോധിക്കാവുന്നതാണ്.

11, 12 ക്ലാസ്സുകളിലെ വിദ്യാഭ്യാസം

* 154 [157] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡു നിലവിൽ വരുന്നതോടുകൂടി 11, 12 ക്ലാസ്സുകളിലെ വിദ്യാഭ്യാസം സൗജന്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ ഗവൺമെൻറ് എടുത്തു;

(സി) ഈ സൗജന്യം വർഷത്തിൽ എത്ര കുട്ടികൾക്കു കിട്ടും;

(ഡി) അതുമൂലം സംസ്ഥാനത്തിനു ഒരു വർഷം വരുന്ന അധിക ചെലവ് എത്രയാണ്; 1986-87 ബഡ്ജറ്റിൽ ഇതിലേക്ക് സംഖ്യ നീക്കിവച്ചിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ കേന്ദ്രസഹായം കിട്ടുമോ;

(എഫ്) മറ്റു സംസ്ഥാനങ്ങളിൽ സ്ത്രീകൾക്കു കോളേജ് വിദ്യാഭ്യാസം സൗജന്യമാക്കിയിരിക്കുന്നതുപോലെ കേരളത്തിലും സ്ത്രീകൾക്ക് കോളേജ് വിദ്യാഭ്യാസം സൗജന്യമാക്കാൻ നടപടികൾ എടുക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) പ്രീഡിഗ്രി ബോർഡ് നിലവിൽ വരുന്നതോടുകൂടി ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly